**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **05-10-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സംസ്ഥാനങ്ങളുടെ നികുതി നിർണയാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം നൗഷാദ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എണ്ണക്കമ്പനികൾ ഇന്ധന വില വർദ്ധിപ്പിക്കുന്നതിന്റെ പേരിൽ പെട്രോൾ, ഡീസലിന്മേലുള്ള സംസ്ഥാനങ്ങളുടെ നികുതി നിർണയാവകാശം കവർന്നെടുക്കാൻ കേന്ദ്രസർക്കാർ നടത്തുന്നതായി പറയപ്പെടുന്ന നീക്കത്തോടുള്ള സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കാമോ; | (എ) | നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപന നികതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. വിൽപന നികുതി നിയമപ്രകാരം വിൽപനയിന്മേൽ നികുതി നിശ്ചയിക്കുവാനുള്ള അധികാരം സംസ്ഥാന സർക്കാരിന് മാത്രമാണ്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപന നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ടി ഉൽപന്നങ്ങളെ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാന വിൽപന നികുതി നിയമത്തിന്റെ പരിധിയിൽ നിന്നും ടി ഉൽപന്നങ്ങൾ പുറത്താകുകയും സംസ്ഥാനത്തിന് സ്വതന്ത്രമായി നികുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം നഷ്ടമാകുകയും ചെയ്യും. |
| (ബി) | ധനകാര്യ കമ്മീഷനെ ഉപയോഗിച്ച് സംസ്ഥാനത്തിന് അർഹമായി ലഭിക്കേണ്ട നികുതി വിഹിതത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതത്തിലും കുറവ് വരുത്തുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ പെട്രോളിയം ഉൽപ്പന്നങ്ങളിന്മേൽ നികുതി ചുമത്താൻ ഉള്ള അധികാരം കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സംസ്ഥാനത്തെ വികസന ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; | (ബി) | പെട്രോളിയം ഉൽപ്പന്നങ്ങളെ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ ഉൾപ്പെടുത്തുന്നതിലൂടെ നികുതിനിരക്കിൽ കുറവു വരുന്ന സാഹചര്യമുണ്ടായാൽ സംസ്ഥാനത്തെ വികസന ക്ഷേമപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. |
| (സി) | ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തികാശ്രിതരായി മാറ്റാനുള്ള ശ്രമത്തിനെതിരെ ജി.എസ്.ടി. കൗൺസിലിൽ | (സി) | സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ശക്തമായ നിലപാട് സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ